# BSNL എംപ്ലോയീസ് യൂണിയൻ
## കേരള സർക്കിൾ, തിരുവനന്തപുരം.

# എ.ഐ.ബി.ഡി.പി.എ. യിൽ അണിചേരൂ; പോരാട്ടം ശക്തിപ്പെടുത്തൂ.

പ്രിയമുള്ളവരെ,

ബി.എസ്.എൻ.എൽ. രൂപീകൃതമായ 2000 മുതൽ തന്നെ മാറിമാറി വന്ന സർക്കാരുകൾ ഈ മഹത്തായ പൊതുമേഖലാ സ്ഥാപനത്തെ വളർത്താനല്ല തകർക്കാനാണ് ശ്രമിച്ചിട്ടുള്ളത് എന്നതിന് നമ്മുടെ അനുഭവം തന്നെയാണ് സാക്ഷ്യം. പ്രധാന കാരണം കേന്ദ്രസർക്കാരിന്റെ പൊതുമേഖലാ വിരുദ്ധ നയംതന്നെ. ഇത് മുൻകൂട്ടി കണ്ടുകൊണ്ടാണ് ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ എല്ലാ നോൺ എക്സിക്യൂട്ടീവ്, എക്സിക്യൂട്ടീവ് സംഘടനകളേയും യോജിപ്പിച്ച് ഒരു ഐക്യവേദി രൂപീകരിച്ചത്. കഴിഞ്ഞ 19 വർഷക്കാലം ഈ ഐക്യവേദി നടത്തിയ ശക്തമായ ചെറുത്തുനിൽപ്പും സമരങ്ങളുമാണ് ബി.എസ്.എൻ.എൽ-ൽ വി.ആർ.എസ് നടപ്പിലാക്കാനോ, ഒരു ശതമാനം ഓഹരിപോലും വിറ്റഴിക്കാനോ കഴിയാതിരുന്നത്. അതേസമയം വി.എസ്.എൻ.എൽ. പൂർണ്ണമായും സ്വകാര്യവൽക്കരിക്കപ്പെട്ടു. എം.ടി.എൻ.എൽന്റെ 46.5 ശതമാനം ഓഹരികൾ വിറ്റഴിക്കുകയും രണ്ടുതവണ വി.ആർ.എസ്. നടപ്പിലാക്കുകയും ചെയ്തു.

ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സൗജന്യങ്ങൾ വാരിക്കോരി നൽകി പ്രവർത്തിക്കുവാൻ റിലയൻസ് ജിയോയെ കേന്ദ്രസർക്കാർ പ്രോത്സാഹിപ്പിക്കുകയായിരുന്നു. ഫലമോ, ടെലികോം മേഖല ഒന്നടങ്കം വലിയ പ്രതിസന്ധിയിലായി. ഈ അവസരം മുതലെടുത്ത് ബി.എസ്.എൻ.എൽ.നെ തകർക്കുവാൻ കേന്ദ്രസർക്കാർ കരുക്കൾ നീക്കുകയായിരിന്നു. 2009-10 മുതൽ നഷ്ടത്തിലായ ബി.എസ്.എൻ.എൽ.നെ കരകയറ്റാൻ ജീവനക്കാരുടെ ഐക്യവേദിയായ AUAB മാനേജുമെന്റുമായി ചേർന്ന് നടത്തിയ പരിശ്രമത്തിന്റെ ഫലമായി 2014-15 മുതൽ മൂന്നു വർഷക്കാലം തുടർച്ചയായി ബി.എസ്.എൻ.എൽ.നെ പ്രവർത്തനലാഭത്തിലെത്തിക്കുവാൻ കഴിഞ്ഞിരുന്നു. ജിയോയുടെ കടന്നാക്രമണത്തോടെ വീണ്ടും പ്രതിസന്ധിയിലായ ബി.എസ്.എൻ.എൽ. നെ പുനർജീവിപ്പിക്കാനുള്ള ശക്തമായ സമരങ്ങൾ AUAB നേതൃത്വത്തിൽ നടത്തുകയും 2018 ഡിസംബർ 3 ന് ഇവ സംബന്ധിച്ച് അന്നത്തെ കമ്മ്യൂണിക്കേഷൻ മന്ത്രി ഉറപ്പ് നൽകുകയും ചെയ്തു. എന്നാൽ രണ്ടാം എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതോടെ ഉറപ്പുകളെല്ലാം അട്ടിമറിക്കപ്പെട്ടു. ബാങ്ക് ലോൺ എടുക്കുവാനുള്ള അനുവാദംപോലും ബി.എസ്.എൻ.എൽ. ന് നൽകാതെ സാമ്പത്തികമായി ബി.എസ്.എൻ.എൽ. നെ തകർക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന റിക്കവറി തുകകൾ ബന്ധപ്പെട്ടവർക്ക് നൽകാതായി. മെഡിക്കൽ ബില്ലുകൾ നൽകുന്നത് നിർത്തിവച്ചു. മെയിന്റനൻസ്സിന് പണമില്ലാതായി, വൈദ്യുതി ബില്ലുകൾ അടക്കാതായി, കരാർ ജീവനക്കാരുടെ വേതനം നൽകാതായി, ഒടുവിൽ ശമ്പളവും അനിശ്ചിതത്വത്തിലായി. സ്വാഭാവികമായും തങ്ങളുടെ ഭാവിയെ സംബന്ധിച്ച് ജീവനക്കാരിൽ വലിയ ആശങ്കയും, അങ്കലാപ്പും സൃഷ്ടിച്ചു. അതുകൊണ്ടാണ് ബി.എസ്.എൻ.എൽ. പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി വി.ആർ.എസ്. പ്രഖ്യാപിച്ചപ്പോൾ 78569 പേർ അത് സ്വീകരിക്കാൻ തയ്യാറായത്. ബി.എസ്.എൻ.എൽ.ന്റെ പ്രതിസന്ധിക്ക് കാരണം ജീവനക്കാരുടെ ബാഹുല്യമാണെന്ന വ്യാപകമായ പ്രചാരണം നേരത്തെതന്നെ ആരംഭിച്ചിരുന്നു. എന്നാൽ വി.ആർ.എസ്. നായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 17,169 കോടി രൂപ ബി.എസ്.എൻ.എൽ.ന് നൽകുകയും, 4ജി സ്പെക്ട്രം അനുവദിക്കുകയും ചെയ്തിരുന്നെങ്കിൽ തീരുന്ന പ്രശ്നമേ ബി.എസ്.എൻ.എൽ.ൽ ഉണ്ടായിരുന്നുള്ളൂ.

ബി.എസ്.എൻ.എൽ.നെ സംരക്ഷിക്കുവാനുള്ള പോരാട്ടം കൂടുതൽ ശക്തമായി തുടരേണ്ടതുണ്ട്. വി.ആർ.എസ്. വഴി ജീവനക്കാർ വിരമിച്ചുകഴിയുമ്പോൾ സംഘടിതശേഷി ദുർബലമാകുമെന്ന് സർക്കാർ സ്വാഭാവികമായും കണക്കുകൂട്ടുന്നുണ്ടാകാം. ഇവിടെയാണ് എ.ഐ.ബി.ഡി.പി.എ. എന്ന ആൾ ഇന്ത്യാ ബി.എസ്.എൻ.എൽ.ഡി.ഒ.ടി. പെൻഷനേഴ്സ് അസോസിയേഷന്റെ പ്രസക്തി. നമ്മുടെ എല്ലാ സമരമുഖങ്ങളിലും എ.ഐ.ബി.ഡി.പി.എ. നമ്മോടൊപ്പം ഉണ്ടായിരുന്നു. മറ്റൊരു പെൻഷൻ സംഘടനയേയും നാം സമരരംഗത്ത് കണ്ടിരുന്നില്ല. അതുകൊണ്ട് വി.ആർ.എസ്. എടുക്കുന്നവർ എ.ഐ.ബി.ഡി.പി.എ.യിൽ ചേർന്നാൽ നമ്മുടെ സമരശക്തി പഴയതുപോലെ തന്നെ നിലനിർത്തുവാനും, പെൻഷൻകാരുടെ ഉൾപ്പെടെ അവകാശങ്ങൾ നേടിയെടുക്കുവാനും കഴിയും.

ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയന്റെ കേന്ദ്ര പ്രവർത്തക സമിതി യോഗത്തിന്റെ തീരുമാനമനുസരിച്ചാണ് 2009 ഒക്ടോബർ 21 ന് എ.ഐ.ബി.ഡി.പി.എ. രൂപീകൃതമായത്. നിരവധി പെൻഷൻ സംഘടനകൾ നമ്മുടെ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സമരത്തിന്റെ പാത തെരഞ്ഞെടുത്ത് നിരവധി സമരങ്ങൾ സംഘടിപ്പിക്കുകയും, ജീവനക്കാരുടെ സംഘടനകളുമായി സുദൃഢമായ ബന്ധം സ്ഥാപിച്ച് ആ സമരങ്ങളിലും പങ്കെടുത്ത് മാതൃക കാണിക്കുന്ന സംഘടന എ.ഐ.ബി.ഡി.പി.എ. മാത്രമാണ്. നമ്മുടെ സംഘടനയുടെ ആരാധ്യരായ നേതാക്കളായിരുന്നവർ മാർഗദർശം നൽകി നയിക്കുന്ന എ.ഐ.ബി.ഡി.പി.എ. ഇന്ന് 28 സർക്കിളുകളിലും യൂണിറ്റുകളുള്ള ബി.എസ്.എൻ.എൽ.ലെ ഏറ്റവും വലിയ പെൻഷൻ സംഘടനയാണ്. 2007 നു മുമ്പ് വിരമിച്ചവരുടെ പെൻഷൻ റിവിഷൻ, 78.2% ഫിറ്റ്മെന്റ്, 60:40 റദ്ദാക്കൽ, മെഡിക്കൽ അലവൻസ് പുനഃസ്ഥാപിക്കൽ തുടങ്ങിയ പ്രധാനപ്പെട്ട ആവശ്യങ്ങൾ സമരങ്ങൾ സംഘടിപ്പിച്ച് നേടിയെടുക്കുവാൻ എ.ഐ.ബി.ഡി.പി.എ.ക്ക് കഴിഞ്ഞു. 2017 മുതലുള്ള പെൻഷൻ പരിഷക്കരണം നേടിയെടുക്കാൻ എ.ഐ.ബി.ഡി.പി.എ.യുടെ നേതൃത്വത്തിൽ എം.പി.മാർക്ക് നിവേദനവും, പാർലമെന്റ് മാർച്ചടക്കമുള്ള പ്രക്ഷോഭങ്ങളുമായി മുന്നോട്ടുപോകുകയാണ്.

ദേശീയ തലത്തിൽ NCCPA (നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് പെൻഷനേഴ്സ് അസോസിയേഷൻ) ലും അന്താരാഷ്ട്ര തലത്തിൽ TUI (P&R) (ട്രേഡ് യൂണിയൻ ഇന്റർനാഷണൽ പെൻഷനേഴ്സ് & റിട്ടയറീസ്) എന്ന WFTU സംഘടനയിലും അഫിലിയേഷനുള്ള ഏക സംഘടനയും എ.ഐ.ബി.ഡി.പി.എ. ആണ്. ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്നതുകൊണ്ട് വ്യക്തിപരവും, പൊതുവായതുമായ ഏതു പ്രശ്നങ്ങളും യഥാസമയം സർക്കാരും അധികാരികളുമായി ബന്ധപ്പെടാനും, പരിഹരിക്കുവാനും കഴിയുന്നുണ്ട്.

78,569 പേർ 31.01.2020 ൽ പിരിഞ്ഞുപോകുമ്പോൾ, എത്രയൊക്കെ, ശ്രമിച്ചാലും അവർക്കും യഥാസമയം പെൻഷൻ ലഭിക്കാനുള്ള സാദ്ധ്യത ഇല്ലെന്ന് മനസ്സിലാക്കി ഈ പ്രശ്നം ടെലികോം വകുപ്പധികാരികളുമായി ചർച്ചചെയ്ത് പ്രൊവിഷണൽ പെൻഷൻ നൽകണമെന്ന എ.ഐ.ബി.ഡി.പി.എ. ആവശ്യപ്പെടുകയും അധികാരികൾ സമ്മതിക്കുകയും ചെയ്തിട്ടുള്ളതായും മനസ്സിലാക്കുന്നു. ഇത്രയധികം ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സി.സി.എ. ഓഫീസുകളിൽ താൽക്കാലികാടിസ്ഥാനത്തിലെങ്കിലും ജീവനക്കാരെയോ, പെൻഷൻകാരെയോ നിയമിക്കണമെന്ന എ.ഐ.ബി.ഡി.പി.എ.യുടെ നിർദ്ദേശവും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഒടുവിൽ വി.ആർ.എസ്. കാർ പിരിഞ്ഞുപോകുമ്പോൾ നൽകുന്ന യാത്രയയപ്പ് ചടങ്ങിൽ ചായയും, ബൊക്കെയും പോലും നൽകരുത് എന്ന ബി.എസ്.എൻ.എൽ. മാനേജ്മന്റിന്റെ അവഹേളനാപരമായ ഉത്തരവിൽ പ്രതിഷേധിക്കുകയും, നേരത്തെ നൽകിയിരുന്നതുപോലെ 3001 രൂപയടക്കം എല്ലാ സമ്മാനങ്ങളും തുടർന്നും അനുവദിക്കണമെന്ന് സി.എം.ഡി.ക്ക് കത്തെഴുതിയ സംഘടനയും എ.ഐ.ബി.ഡി.പി.എ. മാത്രമാണ്. അതുകൊണ്ട് പ്രിയമുള്ളവരെ, തരിമ്പും സംശയിക്കേണ്ടതില്ല, നിങ്ങളുടെ പ്രശ്നങ്ങൾ എന്തുതന്നെ ആയാലും അവ പരിഹരിക്കാൻ പ്രാപ്തിയും, പ്രതിജ്ഞാബദ്ധതയും ഉള്ള സംഘടന എ.ഐ.ബി.ഡി.പി.എ. തന്നെയാണ്. അതുകൊണ്ട് എ.ഐ.ബി.ഡി.പി.എ.യിൽ അണിനിരന്ന് അവകാശങ്ങൾ നേടിയെടുക്കുവാനുള്ള സംയുക്ത പോരാട്ടങ്ങൾക്ക് ശക്തി പകരണമെന്ന് അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം,
21-01-2020

**സി. സന്തോഷ് കുമാർ**
സർക്കിൾ സെക്രട്ടറി